**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3418** **26-06-2024 - ൽ മറുപടിയ്ക്ക്**

**അനധികൃത കയ്യേറ്റം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പുഴയോരങ്ങളും പുഴ ഒഴുകിയിരുന്ന സ്ഥലങ്ങളും അനധികൃതമായി നികത്തപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>സംസ്ഥാനത്തെ പുഴകളുടെയും തോടുകളുടെയും സംരക്ഷണത്തിനും, ജലസ്രോതസുകളുടെ അതിർത്തി നിർണ്ണയിച്ച്, കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനു പോലീസ്, പഞ്ചായത്ത്, റവന്യൂ, സർവ്വേ എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് 15.01.2023-ലെ സ.ഉ. (സാധാ) നം. 249/2023/RD സർക്കാർ ഉത്തരവ് പ്രകാരം ജില്ലാ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ അദ്ധ്യക്ഷനായി ഒരു സർവ്വേ സെൽ രൂപീകരിച്ച കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. അത്തരത്തിൽ ഒഴിപ്പിച്ച കൈയ്യേറ്റങ്ങളുടെ ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു. വിവിധ ജില്ലകളിലായി 800 കയ്യേറ്റങ്ങൾ കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | വിവിധ ജില്ലകളിൽ ഇപ്രകാരമുള്ള സ്ഥലങ്ങൾ നികത്തി വൻകിട കയ്യേറ്റങ്ങൾ നടത്തുന്നത് തടഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ബി) | സർക്കാർ ഭൂമിയിലെ കയ്യേറ്റം സമയബന്ധിതമായി ഒഴിപ്പിക്കുന്നതിന് കേരള ഭൂസംരക്ഷണ നിയമം 1957 ഉം 1958 ലെ അനുബന്ധചട്ടത്തിലെയും 2009 ലെ ഭൂസംരക്ഷണ ഭേദഗതി നിയമത്തിലെയും വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിൽ വൻകിട കൈയ്യേറ്റങ്ങളും ഉൾപ്പെടുന്നുണ്ട് . |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നമ്പർ | ജില്ല | റിപ്പോർട്ട് ചെയ്ത കൈയ്യേറ്റങ്ങളുടെ ആകെ എണ്ണം | ഒഴിപ്പിക്കൽ നടപടി ആരംഭിച്ചവ | ഒഴിപ്പിച്ചവ | ഒഴിപ്പിക്കാൻ അവശേഷിക്കുന്നത് | നടപടി ആരംഭിക്കാൻ ഉള്ളവ |
|---|---|---|---|---|---|---|
| 01 | തിരുവനന്തപുരം | 04 | 04 | 00 | 04 | 0 |
| 02 | കൊല്ലം | 26 | 26 | 00 | 26 | 0 |
| 03 | പത്തനംതിട്ട | 205 | 205 | 04 | 201 | 0 |
| 04 | ആലപ്പുഴ | 52 | 51 | 00 | 51 | 1 |
| 05 | കോട്ടയം | 00 | 00 | 00 | 00 | 00 |
| 06 | എറണാകുളം | 132 | 132 | 05 | 127 | 0 |
| 07 | തൃശ്ശൂർ | 344 | 24 | 03 | 21 | 320 |
| 08 | പാലക്കാട് | 09 | 09 | 02 | 07 | 0 |
| 09 | മലപ്പുറം | 00 | 00 | 00 | 00 | 00 |
| 10 | കോഴിക്കോട് | 27 | 27 | 00 | 27 | 0 |
| 11 | വയനാട് | 01 | 01 | 00 | 01 | 0 |
| 12 | കാസറഗോഡ് | 00 | 00 | 00 | 00 | 00 |
| | **ആകെ** | **800** | **479** | **14** | **465** | **321** |

1. **കണ്ണൂർ ജില്ല** : 1.9724 ഹെക്ടർ പുഴ പുറമ്പോക്ക് കയ്യേറ്റങ്ങൾ നടന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി കയ്യേറ്റങ്ങളിൻമേൽ തുടർനടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

2. **ഇടുക്കി ജില്ല** : പീരുമേട് താലൂക്കിൽ പെരിയാർ വില്ലേജിൽ സർവ്വേ നമ്പർ 67/7-ൽ പെരിയാറിന്റെ അതിർത്തി കയ്യേറിയുള്ള നിർമ്മാണപ്രവർത്തനങ്ങൾ നടന്നിട്ടുള്ളതും ആയതിനെതിരെ 25 എൽ. സി. കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതും മഞ്ചുമല വില്ലേജിൽ സർവ്വേ നമ്പർ 721 - ൽ പെരിയാർ തീരത്തു 500 ലധികം കുടുംബങ്ങൾ താമസിച്ചു വരുന്നതായും പീരുമേട് തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഉടുമ്പൻചോല താലൂക്കിന്റെ പരിധിയിൽ പൂപ്പാറ വില്ലേജിൽ പന്നിയാർ പുഴ കയ്യേറിയുള്ള നിർമ്മാണപ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടിരുന്നതും ആയതിനെതിരെ കേരള ഭൂസംരക്ഷണ നിയമപ്രകാരം നടപടി സ്വീകരിച്ചിരുന്നതും പ്രസ്തുത സ്ഥലത്തെ 56 കയ്യേറ്റക്കാരെ ഒഴിപ്പിച്ച് 0.7355 ഹെക്ടർ സർക്കാർ ഭൂമി തിരിച്ചു പിടിച്ചിട്ടുള്ളതാണെന്ന് ഉടുമ്പൻചോല തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - പുഴകളുടെയും തോടുകളുടെയും സംരക്ഷണത്തിനായും ജല സ്രോതസ്സുകളുടെ അതിർത്തി നിർണ്ണയിച്ച് കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായും ജില്ലാ അടിസ്ഥാനത്തിൽ സർവ്വേ സെൽ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (പി) വകുപ്പ്**

സ.ഉ.(സാധാ) നം.**249/2023/RD** തീയതി,തിരുവനന്തപുരം, **15-01-2023**

---

പരാമർശം:-

1. നിയമസഭ സെക്രട്ടറിയുടെ **19.07.2019** -ലെ **3821**/സബ്.സി.സി **2**/ **2019** / നി.സെ , **12.11.2020**-ലെ **15381**/സബ്.സി.സി**2**/ **2010** / നി.സെ നമ്പർ കത്തുകൾ
2. **07.06.2022, 16.11.2022** എന്നീ തീയതികളിലെ സംസ്ഥാന ഉന്നത തല സമിതിയുടെ യോഗ നടപടികുറിപ്പുകൾ
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ **28.6.2022** -ലെ എൽ. ആർ .കെ **1** - **24880** / **2018** നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പുഴകളുടെയും തോടുകളുടെയും സംരക്ഷണത്തിനും, ടി ജലസ്രോതസുകളുടെ അതിർത്തി നിർണ്ണയിച്ച്, കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുമായി പഞ്ചായത്തുകൾക്ക് റവന്യൂ വകുപ്പിന്റെ സഹായം ആവശ്യപ്പെടാവുന്നതാണ് എന്നും, പഞ്ചായത്തുമായി സഹകരിച്ചു അതിർത്തി നിർണ്ണയത്തിനായി പ്രത്യേകമായ ഒരു സർവ്വേ സെൽ റവന്യൂ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ രൂപീകരിക്കണമെന്നും, ടി സർവ്വേ സെൽ രൂപീകരിക്കുന്നതിനു ആവശ്യമുള്ള ചെലവ് ഇപ്പോൾ നിലവിലുള്ള റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും എടുക്കാവുന്നതാണ് എന്നും നിയമസഭ സബ്ജക്ട് കമ്മിറ്റി പരാമർശം **(1)** പ്രകാരം ശുപാർശ ചെയ്തിരുന്നു.

സർവ്വേ സെൽ രൂപീകരിക്കുന്ന വിഷയം 07.06.2022-ൽ ചേർന്ന സംസ്ഥാന ഉന്നത തല സമിതി യോഗത്തിൽ പരിശോധിക്കുകയും, ടി വിഷയത്തിൻമേൽ വിശദമായ പരിശോധന നടത്തി, ഒരു രേഖ തയ്യാറാക്കി, റിപ്പോർട്ട് സമർപ്പിക്കുവാൻ ലാൻഡ് റവന്യൂ കമ്മീഷണർക്കു നിർദ്ദേശം നൽകിയതിന്റെയും അടിസ്ഥാനത്തിൽ, ലാൻഡ് റവന്യൂ കമ്മീഷണർ റവന്യൂ , സർവ്വേ, പോലീസ്, പഞ്ചായത്ത് എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ജില്ലാ കളക്ടർ അദ്ധ്യക്ഷനായി ജില്ലാ അടിസ്ഥാനത്തിൽ സർവ്വേ സെൽ രൂപീകരിക്കുന്നതിനായി പരാമർശം (4) പ്രകാരം സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി.

ടി പ്രൊപ്പോസൽ 16.11.2022-ലെ സംസ്ഥാന ഉന്നത തല സമിതി യോഗത്തിൽ വിശദമായി പരിശോധിക്കുകയും ആയത് അംഗീകരിക്കുകയും ചെയ്തു.

മേൽ സാഹചര്യത്തിൽ, പുഴകളുടെയും തോടുകളുടെയും സംരക്ഷണത്തിനായി, ടി ജലസ്രോതസുകളുടെ അതിർത്തി നിർണ്ണയിച്ച്, കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി റവന്യൂ , സർവ്വേ, പോലീസ്, പഞ്ചായത്ത് എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ജില്ലാ കളക്ടർ അദ്ധ്യക്ഷനായി എല്ലാ ജില്ലകളിലും ചുവടെ ചേർത്ത പ്രകാരം ഒരു സർവ്വേ സെൽ രൂപീകരിച്ച് ഉത്തരവാകുന്നു.

1) ചെയർമാൻ - ജില്ലാ കളക്ടർ

2) വൈസ് ചെയർമാൻ - ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്

3) എക്സിക്യൂട്ടീവ് അംഗങ്ങൾ - i) ഡെപ്യൂട്ടി കളക്ടർ (എൽ.ആർ)} -കൺവീനർ

ii) ജില്ലാ പഞ്ചായത്ത് സെക്രട്ടറി

iii) ജില്ലാ സർവ്വേ സൂപ്രണ്ട്

iv) ജില്ലാ പോലീസ് മേധാവി

v) ജില്ലാ ഫയർ ഫോഴ്സ് മേധാവി

vi) ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ

vii) ജില്ലാ ജിയോളജിസ്റ്റ്

4) മറ്റ് അംഗങ്ങൾ (ജില്ലയിലെ പ്രധാനപ്പെട്ട ജലസ്രോതസ്സിനോട് ചേർന്ന് കിടക്കുന്ന പ്രദേശത്തെ, താഴെപ്പറയുന്ന തസ്തികകളിൽ പ്രവർത്തിക്കുന്ന ഏതെങ്കിലും 2 പേർ )

i) താലൂക്ക് തഹസിൽദാർ

ii) ഗ്രാമപഞ്ചായത്ത് സെക്രട്ടറി

iii) സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്

**<u>സർവ്വേ സെല്ലിന്റെ കർത്തവ്യങ്ങൾ</u>**

ഓരോ മാസവും സർവ്വേ സെല്ലിന്റെ യോഗം ചേരേണ്ടതും ജലസ്രോതസ്സുകളുടെ അതിർത്തി നിർണ്ണയിച്ച് കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് ഇറിഗേഷൻ വകുപ്പിൽ നിന്നും തദ്ദേശ സ്വയം ഭരണ വകുപ്പിൽ നിന്നും ബന്ധപ്പെട്ട കയ്യേറ്റങ്ങളുടെ പട്ടിക തയ്യാറാക്കി റവന്യൂ, സർവ്വേ, പോലീസ് എന്നീ വകുപ്പുകളുടെ മേൽനോട്ടത്തിൽ അവ ഒഴിപ്പിക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കേണ്ടതും പ്രതിമാസ റിപ്പോർട്ട് സർക്കാരിലേയ്ക്ക് സമർപ്പിക്കേണ്ടതും അപ്രകാരം ജില്ലകളിൽ നിന്നും ലഭിക്കുന്ന പ്രതിമാസ റിപ്പോർട്ട്, സംസ്ഥാന ഉന്നതതല സമിതി യോഗം വിലയിരുത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അബ്ദുൾ നാസർ ബി ഐ എ എസ്

അഡിഷണൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ

സ്റ്റേറ്റ് പോലീസ് ചീഫ്

സർവേയും ഭൂരേഖയും വകുപ്പ് ഡയറക്ടർ

ഡയറക്ടർ , ഐ എൽ ഡി എം

പഞ്ചായത്ത് ഡയറക്ടർ

നഗരകാര്യ ഡയറക്ടർ

എല്ലാ ജില്ലാ കളക്ടർമാർക്കും

തദ്ദേശ സ്വയം ഭരണ വകുപ്പ്

ജല വിഭവ വകുപ്പ്

ആഭ്യന്തര വകുപ്പ്,

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (A & E) തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Kadeeja A A
Date: 17-01-2023 11:09:40
സെക്ഷൻ ഓഫീസർ

പകർപ്പ്:-

ബഹു.റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസ് -നു

റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി. എ -യ്ക്ക്